10866
17/10/14

# കേരള സർക്കാർ

## സംഗ്രഹം

കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ - പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ കോർപ്പറേഷനിൽ നിന്നും എടുത്തിട്ടുള്ളതും 31/03/2006ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ നാല് വായ്പാ പദ്ധതികളിലെ കുടിശ്ശിക എഴുതി തള്ളിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്**

**സ.ഉ.(കൈ) നം.74/2014/പജപവവിവ തീയതി, തിരുവനന്തപുരം, 16/10/2014**

==========================================================================

**പരാമർശം:** - കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 10/09/2013, 17/01/2014, 20/06/2014 തീയതികളിലെ സി2.5516/12 നമ്പർ കത്തുകൾ.

## ഉത്തരവ്

കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ആദ്യകാലങ്ങളിൽ നടപ്പിലാക്കിയിരുന്നതും 31/03/2006 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ വാഹനവായ്പാ പദ്ധതി, അംബേദ്ക്കർ ഭവനനിർമ്മാണ പദ്ധതി (ARHS), പുതിയ അംബേദ്ക്കർ ഭവനനിർമ്മാണ പദ്ധതി (NARHS), ഇൻകം ജനറേഷൻ ലിങ്ക്ഡ് അംബേദ്ക്കർ ഭവനനിർമ്മാണ പദ്ധതി (IGLHS), എന്നിവ പ്രകാരം തിരിച്ചടവില്ലാത്തതുമൂലം കുടിശ്ശികയായ തുക ഈടാക്കുന്നതിന് നിയമപരമായ നടപടികളെല്ലാം സ്വീകരിച്ചിട്ടും അവ കിട്ടാക്കടമായി അവശേഷിക്കുന്ന അവസ്ഥയാണുള്ളതെന്നും പട്ടികജാതിക്കാരായ ജനവിഭാഗങ്ങൾ ഇപ്രകാരം കടക്കെണിയിലായി ജപ്തി ഭീഷണി അഭിമുഖീകരിച്ചു കൊണ്ടിരിക്കുകയാണെന്നും ആയതിനാൽ മുതലും പലിശയും പിഴപലിശയും സഹിതം വായ്പാകുടിശ്ശിക പരിപൂർണ്ണമായും എഴുതിതള്ളുന്നതിനും പ്രസ്തുത തുക കോർപ്പറേഷന് പ്രത്യേക ഗ്രാന്റായി അനുവദിച്ചു നൽകുന്നതിനും നടപടി സ്വീകരിക്കണമെന്ന് കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ പരാമർശത്തിലെ കത്തുകൾ പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. വായ്പാ കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര് | മുതൽ (ലക്ഷത്തിൽ) | പലിശ (ലക്ഷത്തിൽ) | പിഴപലിശ (ലക്ഷത്തിൽ) | ആകെ (ലക്ഷത്തിൽ) |
|---|---|---|---|---|
| വാഹനവായ്പാ പദ്ധതി | 191.77 | 203.71 | 3.46 | 398.94 |
| അംബേദ്ക്കർ ഭവനനിർമ്മാണ പദ്ധതി (ARHS) | 98.48 | 153.48 | 21.36 | 273.32 |
| പുതിയ അംബേദ്ക്കർ ഭവനനിർമ്മാണ പദ്ധതി (NARHS), | 105.93 | 143.36 | 13.85 | 263.14 |
| ഇൻകം ജനറേഷൻ ലിങ്ക്ഡ് അംബേദ്ക്കർ ഭവനനിർമ്മാണ പദ്ധതി (IGLHS), | 150. 98 | 185.95 | 19.30 | 356.23 |
| ആകെ | 547.16 | 686.5 | 57.97 | 1291.63 |

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വ്യവസ്ഥാപിത മാർഗ്ഗങ്ങളിൽ കൂടി ഗുണഭോക്താക്കളിൽ നിന്നും വായ്പ കുടിശ്ശിക തുക തിരിച്ചു പിടിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും കോർപ്പറേഷന്റെ ഭാഗത്തു നിന്നും സ്വീകരിച്ചിരുന്നതായും സ്വയം തൊഴിൽ വായ്പാ പദ്ധതിയായിട്ട് അനുവദിച്ച വാഹനവായ്പാഗഡുക്കൾ തിരിച്ചടയക്കാൻ കഴിയാതിരുന്ന ഗുണഭോക്താക്കളുടെ വാഹനങ്ങൾ കാലപ്പഴക്കം കൊണ്ട് തുരുമ്പെടുത്ത് നശിച്ചു പോയ സാഹചര്യത്തിലും ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട വായ്പാ പദ്ധതികൾ പ്രകാരം നൽകിയിട്ടുള്ള വായ്പകൾ ചെറിയ തുകകളായിരുന്നെങ്കിലും തിരിച്ചടവില്ലാത്തതിനാൽ മുതലും പലിശയും പിഴപലിശയും ഉൾപ്പെടെ വലിയ തുകകളായി മാറിയതാണെന്ന് ബോദ്ധ്യപ്പെട്ടതിനാലും സമൂഹത്തിലെ ഏറ്റവും ദുർബലവിഭാഗങ്ങളിൽ ഉൾപ്പെടുന്ന പട്ടികജാതിക്കാരെ കടക്കെണിയിൽ നിന്നും ജപ്തിഭീഷണിയിൽ നിന്നും രക്ഷിക്കാൻ ഉതകുന്ന ഒരു സംരംഭം എന്ന നിലയിൽ ചുവടെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു:-

(i) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും എടുത്തിട്ടുള്ളതും 31.03.2006 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ വാഹനവായ്പാ പദ്ധതി, അംബേദ്ക്കർ ഭവനനിർമ്മാണ പദ്ധതി (ARHS), പുതിയ അംബേദ്ക്കർ ഭവനനിർമ്മാണ പദ്ധതി (NARHS),ഇൻകം ജനറേഷൻ ലിങ്ക്ഡ് അംബേദ്ക്കർ

ഭവനനിർമ്മാണ പദ്ധതി (IGLHS), എന്നീ പദ്ധതികളിലെ മുതലും പലിശയും ഉൾപ്പെടെ കിട്ടാക്കടമായി അവശേഷിക്കുന്ന 1233.66 ലക്ഷം രൂപാ (മുതൽ 547.16 ലക്ഷം രൂപയും പലിശ 686.50 ലക്ഷം രൂപയും) എഴുതി തള്ളുന്നു.

(ii) മേൽപറഞ്ഞ പദ്ധതികളിലെ മുതലും പലിശയും ഉൾപ്പെടെ കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനു ലഭിക്കേണ്ട 1233.66 ലക്ഷം രൂപ “ 2225-01-800-57 " എന്ന ശീർഷകത്തിൽ നിന്നും കോർപ്പറേഷന് അനുവദിച്ചു നൽകുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറെ അധികാരപ്പെടുത്തുന്നു.

(iii) പിഴപലിശയിനത്തിൽ കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനു ലഭിക്കേണ്ട 57.97 ലക്ഷം രൂപ കോർപ്പറേഷന്റെ സ്വന്തം ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ഡോ.ആഷാ തോമസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ്, തൃശ്ശൂർ
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എസ്&ജി സെക്ടർ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഇ&ആർ സെക്ടർ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, (വെബ് ആന്റ് ന്യൂ മീഡിയ ) ഐ & പിആർഡി.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**